കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാളികാവ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.2422/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

തീയതി.03-11-2018

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാളികാവ് ഗ്രാമ പഞ്ചായത്ത്
സർ,

വിഷയം :കാളികാവ് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –

സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.11/18

നംകെ.എസ്.എ.എം.പി.എം.6/2422/18 തിയ്യതി:03-11-2018

## മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18/08/2017 മുതൽ 31/08/2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എ. എസ്. ഷാജഹാൻ,ഡെപ്യൂട്ടി ഡയറക്ടർ. |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11-09-2018മുതൽ 24-09-2018വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ. ടി.പി.അബ്ദുൾ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. വേലായുധൻ.കെ.ജി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. അമീൻ ഫൈസൽ.ടി.ടി | ഓഡിറ്റർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.വി.പി.എ.നാസർ | 01.04.2017മുതൽ 15.09.2017 വരെ |
| ശ്രീമതി.സുഫൈറ.എം | 16.09.2017മുതൽ 10.10.2017 വരെ |
| ശ്രീ.കരുവാത്തിൽ.നജീബ് | 11.10.2017മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.അബ്ദുൾ മജീദ്.പി.എം | 01.04.2017 മുതൽ 15.1.2018 വരെ |
| 2.ശ്രീമതി.മിനിജ.പി.തോമസ് (അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ്) | 16.1.2018 മുതൽ 25.02.2018 വരെ |
| 3.ഷാജി.ടി.എച്ച് | 26.02.2018 മുതൽ 31.03.2018 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.ജംഷീർ | 01.04.2017 - 31.03.2018 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. മുഹമ്മദ് നജീബ് പി.യു | 01.04.2017 – 08.11.2017 |
| | ഡോ. ജസീല വളപ്പിൽ | 09.11.2017 – 31.03.2018 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ലിജോ ജോസഫ്. | 01.04.2017 – 31.03.2018 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സഫിയ.കെ | 01.04.2017 -31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.നാരായണി.വി.പി | 01.04.2017 - 31.05.2017 |
| | ശ്രീ.അനോജ് കുമാർ | 01.06.2017 - 31.03.2018 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.സജിനി.ഒ | 01.04.2017 - 09.11.2017 |
| | ശ്രീമതി.ദിവ്യ.ജി.എൻ | 10.11.2017 - 31.03.2018 |
| കൃഷി ഓഫീസർ | ശ്രീ.മുരളീധരൻ പിള്ള.എസ് | 01.04.2017 -31.03.2018 |
| ഹെഡ് മാസ്റ്റർ | ശ്രീ.സുരേഷ് കുമാർ.എൻ.ബി | 01.04.2017 -31.03.2018 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എ.ജി.അജിത് കുമാർ | 01.04.2017-07.05.2017 |
| | ഡോ.സുമേഷ് | 08.05.2017-31.03.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.മിനിജ.പി.തോമസ് | 01.04.2017 -31.03.2018 |

## ഉള്ളടക്കം



| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം) |
| 5 | 1-5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കുകളിലെ അപാകതകൾ |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | 2-1 | രശീതി പരിശോധന-അപാകതകൾ . |
| 14 | 2-2 | Un authorised building – വസ്തു നികുതി ഈടാക്കിയില്ല. |
| 15 | 2-3 | തൊഴിൽ നികുതി അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് |
| 16 | 2-4 | ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ |
| 17 | 2-5 | സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് അനുവദിച്ചില്ല. |
| 18 | 2-6 | വാടക -GST ഈടാക്കുന്നതു സംബന്ധിച്ച്. |
| 19 | 2-7 | ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 20 | 3-1 | റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു. |
| 21 | 3-2 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല. |
| 22 | 3-3 | റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ-പഞ്ചായത്ത് ഫണ്ടിന് അമിതഭാരവും അധികച്ചെലവും. |
| 23 | 3-4 | അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം----പദ്ധതി നടത്തിപ്പിലെ അപാകതകൾ. |
| 24 | 3-5 | കെട്ടിടം പൊളിച്ച മാറ്റിയ സാധനസാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല. |
| 25 | 3-6 | എസ്.സി.വിവാഹധനസഹായം--കാലപരിധി കഴിഞ്ഞ അപേക്ഷ പരിഗണിച്ചു. |

| | | |
|---|---|---|
| 26 | 3-7 | GST രജിസ്ട്രേഷൻ ഇല്ലാത്ത സ്ഥാപനത്തിന് GST കുറവ് ചെയ്യാതെ തുക നൽകി. |
| 27 | 3-8 | ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല |
| 28 | 3-9 | കാഴ്ച്ച ശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ-മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല. |
| 29 | 3-10 | മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 30 | 3-11 | ആശ്രയ പദ്ധതി-ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചില്ല്ല. |
| 31 | 3-12 | NREGS—ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല. |
| 32 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 33 | 4-2 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 34 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 35 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 36 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 37 | 4-6 | ഓഡിറ്റ് റിക്കവറി |
| 38 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 39 | 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 40 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| | | അനുബന്ധം |
| 42 | 1 | Audit Certificate |
| 43 | 2 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 44 | 3 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് -സംക്ഷിപ്തം |
| 43 | 4 | റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് -സംക്ഷിപ്തം |
| 43 | 5 | ബാലൻസ് ഷീറ്റ്-സംക്ഷിപ്തം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.03.2017 തിയ്യതിയിലെ P.R നമ്പർ 1 -ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 28.03.2018 ലെ P.R നമ്പർ 2 തീരുമാനപ്രകാരവും അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 14.05.2018 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018,14.06.2018 | നം.കെ.എസ്.എ.എം.പി.എം.6/1429/18 തീയതി:04-07-2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം(റസീപ്റ്റ്&പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 12669017 |
| വരവ് | 76933795 |
| ആകെ | 89602812 |
| ചെലവ് | 78481348 |
| നീക്കിയിരിപ്പ് | 11121464 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 21131000 | 21131000 | 17278633 | 3852367 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5726501 | 5726501 | 5640946 | 85555 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 119951 | 119951 | 25000 | 94951 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 10607000 | 10607000 | 10124989 | 482011 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4618000 | 4618000 | 4456541 | 161459 |
| എസ്.ബി.ഐ.ഇ.പെയ്മെന്റ് | 7976 | 59208 | 67184 | 649 | 66535 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9924328 | 9924328 | 9821181 | 103147 |
| ട്രഷറി ടി.എസ്.ബി(ജനറൽ പർപ്പസ്) | 6078511 | 11250000 | 17328511 | 17877749 | (-)549238 |
| PNB(സാക്ഷരത) | 58616 | 62367 | 120983 | 120983 | - |
| എം.ജി.എൻ. ആർ. ഇ. ജി.എസ്(അഡ്മിൻ) | 3923 | 875000 | 91423 | 89373 | 2050 |
| MGNREGS- 100ദിനം പ്രത്യേക ഗ്രാന്റ് | 0 | 48000 | 48000 | 48000 | --- |
| എം.ജി.എൻ. ആർ. ഇ. ജി.എസ്.(ഇ.എഫ്.എം.എസ്.) | 0 | 13934310 | 13934310 | 13934310 | |
| ട്രഷറി ജോയന്റ് വെഞ്ചർ - ബ്ലോക്ക് പഞ്ചായത്ത് | 0 | 768000 | 768000 | 768000 | |
| ട്രഷറി ജോയന്റ് വെഞ്ചർ - ജില്ലാ പഞ്ചായത്ത് | | 900000 | 900000 | 400000 | 500000 |
| ബി. ഫണ്ട് | 0 | 49247140 | 49247140 | 49247140 | 0 |
| തനത് ഫണ്ട് | 3350771 | 3236108 | 6586879 | 322845 | 6264034 |
| കനറാ ബാങ്ക് -എ.ഒ.പി. | 307008 | 11803 | 318811 | 00 | 318811 |
| പി.എൻ.ബി.-വെസ്റ്റേൺഗാട്ട് | 40734 | 1544 | 42278 | 00 | 42278 |
| പി.എൻ.ബി.-സെൻട്രൽ ഫണ്ട് | 1209801 | 1522001 | 2731802 | 1000000 | 1731802 |
| പി.എൻ.ബി.-ബിൽ സിസ്റ്റം | 607293 | 23013 | 630306 | 89 | 630217 |
| പി.എൻ.ബി-എസ്.എസ്.എ | 904701 | 1897582 | 2802283 | 432521 | 2369762 |
| കാളികാവ് സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്-കുടുംബശ്രീ | 26079 | 913 | 26992 | 00 | 26992 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 228 | 74035898 | 186 | 56655916 | 4 | 38 | 81.5% |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 3923 | 875000 | 878923 | 876873 | 2050 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 13934310 | 13934310 | 13934310 | 0 |
| 100ദിന പ്രത്യേക ഗ്രാന്റ് | 0 | 48000 | 48000 | 48000 | 0 |
| ആകെ | 3923 | 14859183 | 14863106 | 14861056 | 2050 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 107640 | 180 |
| കർഷക തൊഴിലാളി പെൻഷൻ | 2268600 | 188 |
| വിധവാ പെൻഷൻ | 17899900 | 1500 |
| വാർദ്ധക്യകാല പെൻഷൻ | 22850100 | 1758 |
| വികലാംഗ പെൻഷൻ | 5034900 | 472 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 540000 | 18 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്ക് പെൻഷൻ | 540000 | 64 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.09.2018ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.ക്യാഷ് അതാത് ദിവസം അടവാക്കുന്നതിനാൽ നീക്കിയിരിപ്പ് ഇല്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ താഴെ കൊടുക്കുന്നു.

1)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ , പരസ്യ നികുതി ഉൾപ്പെടെയുള്ളവ , കണ്ടെത്തുന്നതിനും ചുമത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിച്ചിട്ടില്ല.

2) രശീതികൾ വഴി പിരിച്ചെടുക്കുന്ന തുകകളുടെ അടവ്, പിൻവലിക്കൽ പ്രവർത്തനങ്ങളിൽ മേലുദ്യോഗസ്ഥന്റെ പരിശോധന കാര്യക്ഷമമല്ല. രശീതി വഴി പിരിച്ചെടുക്കുന്ന തുകകളുടെ കൃത്യതയും, ബാങ്ക് ബുക്കിൽ ബുക്ക് ചെയ്യുന്ന ചെലവിന്റെ കൃത്യതയും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
3)വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4)പല സ്ഥാപനങ്ങളുടേയും ഡി&ഒ ലൈസൻസ് ഡിമാന്റ് ചെയ്യുന്നില്ല.

5) ഒരു ജീവനക്കാരനും പേഴ്സണൽ രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

6) ഹോളിഡേ ഡ്യൂട്ടി രജിസ്റ്റർ, കോമ്പൻസേറ്ററി ലീവ് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

7)ചുമതലകൈമാറ്റരജിസ്റ്ററിൽ, ചില ജീവനക്കാർ ചുമതല ഏറ്റെടുക്കുമ്പോൾ തീയതി രേഖപ്പെടുത്തുന്നില്ല.

8) വിശദമായ ഓഫീസ് ഓർഡർ ഇല്ല.

9) ഇ-ടെണ്ടർ നടപടികളിലൂടെ നിലവിൽ എൽ എസ് ജി ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്ത ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കാൻ നടപടിയുണ്ടായിട്ടില്ല.

10)മെമ്പർമാർ/ജീവനക്കാർ എല്ലാ പണം സ്വീകരിക്കലിനും അക്വിറ്റൻസ് രജിസ്റ്ററിൽ തീയതി രേഖപ്പെടുത്തി ഒപ്പ് വെയ്ക്കുന്നില്ല.

11) കംപ്യൂട്ടർ,അനുബന്ധ ഉപകരണങ്ങൾ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

12)സെക്യൂരിറ്റി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടേയും കെട്ടിടങ്ങളുടേയും മറ്റു വാല്യുബൾസിന്റേയും വ്യക്തമായ വിവരം ലഭ്യമല്ല.

13) അസ്സറ്റ് രജിസ്റ്റർ കാലികമല്ല. അസ്സറ്റ് രജിസ്റ്ററിൽ മൂല്യം ചേർക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ചേർത്ത അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല.ഉദാഹരണമായി ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയുടെ മൂല്യം (ശ്മശാനം ഒഴികെ) 96170 രൂപ മാത്രമാണ്.

14) പുറമ്പോക്ക് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
15) വാർഷിക പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി പഞ്ചായത്തു തല ആസൂത്രണ സമിതി , വർക്കിംഗ് ഗ്രൂപ്പുകൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തന മേൽ നോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകളുടെ കൃത്യത പരിശോധിക്കേണ്ടതും നിർദ്ദേശിക്കപ്പെടുന്ന പ്രോജക്ട് ആശയങ്ങൾ നടപ്പിലാക്കുന്നുവെന്ന് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ ഉറപ്പുവരുത്തേണ്ടതുമാണ്.

16) സ്റ്റാറ്റസ് റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.
17) വർഷാവസാനം സർക്കാരിലേക്കും മറ്റു ഏജൻസികളിലേക്കും നിയമപരമായും സമയബന്ധിതമായും അടവാക്കേണ്ട തുകകൾ തനതു ഫണ്ടിൽസൂക്ഷിക്കുന്നുണ്ട്.ആയവ സമയബന്ധിതമായി അടവാക്കേണ്ടതാണ്.
18)പഞ്ചായത്തിന്റെ പൊതുമരാമത്ത് പ്രവൃത്തികളിൽ അധികവും വികസന സ്ഥിരം സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം ലഭിക്കുന്നതും നിർവഹണ ഘട്ടങ്ങൾ പൂർത്തിയാക്കേണ്ടതും.വാർഷിക പദ്ധതി നിർദേശങ്ങൾ നൽകുക എന്നതിലുപരിയായി പ്രോജക്ടുകളുടെ ജയപരാജയങ്ങൾ വിലയിരുത്തുന്നതിൽ സ്ഥിരം സമിതികളുടെ ഇടപെടൽ പരിമിതമാണ് എന്ന് മിനുട്സിൽ നിന്ന് വ്യക്തമാവുന്നു.

പ്രോജക്ടുകളുടെ പൊതുവായ വിലയിരുത്തൽ /പദ്ധതി അവലോകനം നടത്തുന്നതായി മിനുട്സിൽ രേഖപ്പെടുത്തുന്നുണ്ട്.എന്നാൽ പ്രത്യകമായി ഒരു പ്രോജക്ടിനെ കുറിച്ചും വിലയിരുത്തൽ നടത്തി തീരുമാനം രേഖപ്പെടുത്തുന്നതിൽ സ്ഥിരം സമിതി ശ്രദ്ധചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

19). പ്ലാൻ ഫണ്ട് ചെലവഴിക്കാതെ തനത് ഫണ്ട് പദ്ധതികൾക്കായി ചെലവഴിച്ചു. പദ്ധതി നിർവ്വഹണത്തിനായി 6708814/-രൂപ തൻവർഷം തനത് ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്. അതേ സമയം 45 ലക്ഷത്തിലധികം രൂപയുടെ വികസന ഫണ്ട് ചെലവഴിക്കാതിരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ആസൂത്രണ സമിതി ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കമ്മിറ്റികൾ യഥാസമയം പദ്ധതി ചെലവുകളുടെ റിവ്യൂ നടത്തി ആവശ്യമായ വിശകലനവും മാറ്റവും വരുത്തിയിരുന്നുവെങ്കിൽ തനത് ഫണ്ടിന് പകരം പ്ലാൻ ഫണ്ട് ചെലവഴിച്ച് ചെലവ് ശതമാനം ഉയർത്താവുന്നതും തനത് ഫണ്ട് മിച്ചം വെക്കുകയും ചെയ്യാമായിരുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.08.2018 | ജൂലൈ-2018 | 14.08.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.09.2012 മുതൽ 08.10.2012വരെ | 2011-2012 | 17.12.2012 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ്, കണക്കുകൾ ലഭ്യമല്ല.
2. വാർഷിക കണക്കകളിലെ വസ്തു നികുതികണക്കിൽ താഴെ കൊടുത്ത പൊരുത്തക്കേടുകൾ കാണുന്നു.

| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- കുടിശ്ശിക ഡിമാന്റ് (16-17 AFS പ്രകാരം)(a) | 1347414 |
| പിരിവ് (b) | 1904304 |
| ബാലൻസ് (a-b) | (556890) |
| 2017-18 AFS പ്രകാരം ബാലൻസ് | 46982 |

| നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- കുടിശ്ശിക ഡിമാന്റ് (16-17 AFS പ്രകാരം)(a) | 2913130 |
| പിരിവ് (b) | 1203327 |
| ബാലൻസ് (a-b) | 1709803 |
| 2017-18 AFS പ്രകാരം ബാലൻസ് | 104471 |

| റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- തൻവർഷ ഡിമാന്റ് (a) | 2227312 |
| പിരിവ് (b) | 2392667 |

| | |
|---|---|
| ബാലൻസ് (a-b) | (165355) |
| 2017-18 AFS പ്രകാരം ബാലൻസ് | 81177 |

| നോൺ-റസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തു നികുതി | |
|---|---|
| 2017-18- തൻവർഷ ഡിമാന്റ് (a) | 1981525 |
| പിരിവ് (b) | 1584700 |
| ബാലൻസ് (a-b) | 396825 |
| 2017-18 AFS പ്രകാരം ബാലൻസ് | 63094 |

3. പിരിഞ്ഞ് കിട്ടാനുള്ള കുടിശ്ശിക തുകകൾക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4.. എല്ലാ ഇനം ആസ്തികൾക്കും ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

5. Auction deposit കണക്കുകളിൽ 46125 രൂപയുടെ വ്യത്യാസം കാണുന്നു.

| Auction deposit | |
|---|---|
| O/b | 211125 |
| receipt | 15500 |
| payment | nil |
| ബാലൻസ് (a-b) | 226625 |
| AFS പ്രകാരം ബാലൻസ് | 180500 |

6. അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ എന്നിവ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 രശീതി പരിശോധന-അപാകതകൾ .

1.താഴെ പറയുന്ന അക്കൗണ്ടുകളിൽ വർഷങ്ങളായി ട്രാൻസാക്ഷനുകൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല , അക്കൗണ്ടുകളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാലൻസ് തുക(31/03/2018) | റിമാർക്സ് |
|---|---|---|
| കാനറാ ബാങ്ക്-OAP-0858101018365 | 318811രൂപ | 1.08.2009 മുതൽ പലിശ ഇനത്തിലുള്ള വരുമാനം മാത്രം |
| കാളികാവ് സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക്-കുടുംബ ശ്രീ-12087 | 26992 രൂപ | 31.03.2011മുതൽ പലിശ ഇനത്തിലുള്ള വരുമാനം മാത്രം |

| | | |
|---|---|---|
| പഞ്ചാബ് നാഷണൽ ബാങ്ക്-പെൻഷൻ-4281000100109370 | ബാലൻസ് ഇല്ല. | - |

ട്രാൻസാക്ഷൻ ഇല്ലാത്ത അക്കൗണ്ടുകൾ ക്ളോസ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.
2.പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ അതത് ദിവസം അക്കൗണ്ട് ചെയ്യുന്നില്ല. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്ക് നം/തിയതി | തുക | അക്കൗണ്ടിൽ നിന്നും പണം പിൻവലിച്ച തിയതി | അക്കൗണ്ട് ചെയ്ത തിയതി(ബാങ്ക് ബുക്ക് പ്രകാരം ) |
|---|---|---|---|---|
| എസ്.ബി.1925 | 31344/13-03-2018 | 8886 | 17-03-2018 | 20-03-2018 |
| എസ്.ബി.1925 | 31345/13-03-2018 | 300 | 16-03-2018 | 20-03-2017 |
| | ആകെ | 9186 | | |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

## 2-2 Un authorised building - വസ്തു നികുതി ഈടാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന Un authorised building കളുടെ വസ്തു നികുതി ഈടാക്കിയതു സംബന്ധിച്ച രജിസ്റ്റർ അപൂർണ്ണമാണ്. ആയതു സംബന്ധിച്ച ഫയലുകൾ പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല. താഴെ പറയുന്ന ഉദാഹരണങ്ങളിൽ രജിസ്റ്റർ പ്രകാരം ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | അനുവദിച്ച നമ്പർ | വിസ്തീർണ്ണം | ഈടാക്കിയ വസ്തു നികുതി |
|---|---|---|---|---|
| 1 | ശ്രീ.അനീഷ്& അജി മോൻ | ലഭ്യമല്ല | 102.7m2 | ലഭ്യമല്ല |
| 2 | നൗഫി ,s/o മൊയ്തീൻ | ലഭ്യമല്ല | 137.9 | ലഭ്യമല്ല |
| 3 | ജമാലുദ്ദീൻ | UA 5/231 | ലഭ്യമല്ല | ലഭ്യമല്ല |
| 4 | അരവിന്ദാക്ഷൻ | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

രജിസ്റ്ററുകളും ഫയലുകളും ശരിയായി പരിപാലിക്കേണ്ടതും പരിശോധന നടത്തി ഈടാക്കാൻ അവശേഷിക്കുന്ന നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

1)1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിടവും വാടകക്ക് നൽകിയ ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം വാടകക്ക് നൽകിയിട്ടുള്ളത് ഏത് ഉപയോഗത്തിനാണ് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നുമുള്ള വിവരം ആവശ്യപ്പെടാവുന്നതാണെന്ന് വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതിയും സ്ഥാപനനികുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നറിയിക്കേണ്ടതാണ്.

2)BSNL -കാളികാവ് ,2017-18 കാലയളവിലെ 2 അർദ്ധവർഷങ്ങളിലെയും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - വിവിധ അപാകതകൾ.

1) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല.

2017-18സാമ്പത്തിക വർഷത്തിൽ 366 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ടി സ്ഥാപനങ്ങൾ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2) റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട് എന്നും എല്ലാ റേഷൻ കടകൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ടോ എന്നും അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളുടെ ലിസ്റ്റ് തയ്യാറാക്കി ഉടമകൾക്ക് നോട്ടീസ് നൽകുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

3) കോഴി ഫാമിനു ലൈസൻസ് അനുവദിച്ചില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ കൊടുത്തിട്ടുള്ള കോഴി ഫാമുകൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് കോഴി ഫാമുകളുടെ ലിസ്റ്റ് തയ്യാറാക്കി ഉടമകൾക്ക് നോട്ടീസ് നൽകുന്നതാണ് എന്നറിയിച്ചിട്ടുണ്ട്

| ക്രം നം | കെട്ടിട നമ്പർ | ഉടമയുടെ പേര് |
|---|---|---|
| 1 | കെ.പി 18/195-C | ഹംസ കുരിക്കൾ |
| 2 | കെ.പി 8/372-A | ലീലാമ്മ ജോർജ്ജ് മക്കൾ മുതൽ പേർ |

ലൈസൻസ് അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

4)വാണിജ്യാവശ്യങ്ങൾക്കുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയില്ല.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ അസസ്മെന്റ് വിവരങ്ങൾ പ്രകാരം പഞ്ചായത്തിൽ 2495 കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നുണ്ട്.ഇതിൽ 11കെട്ടിടങ്ങൾക്ക് വേക്കൻസി റെമിഷൻ അനുവദിച്ചിട്ടുണ്ട്.എന്നാൽ, പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 366 സ്ഥാപനങ്ങൾക്ക് മാത്രമാണ് ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത് .കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടമോ അസഹ്യമോ ഉണ്ടാകുന്നതോ ഉണ്ടാക്കാൻ സാധ്യതയുള്ളതോ ആയ എന്തെങ്കിലും കാര്യങ്ങൾക്ക് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഫീൽഡ് പരിശോധന നടത്തി ലൈസൻസ് എടുക്കാത്തതിന് കെട്ടിട ഉടമകളിൽ നിന്നു ലൈസൻസ് എടുപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 2-5 സ്വകാര്യ ആശുപത്രികൾക്ക് ലൈസൻസ് അനുവദിച്ചില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളോട് ചേർന്ന 1-ാം പട്ടികയിൽ ക്രമ നമ്പർ 142 പ്രകാരം സ്വകാര്യ ആശുപത്രികളുടെ നടത്തിപ്പിന് ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്,പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ദയ ഹോസ്പിറ്റൽ,അൽസലാമ ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിലെ 2017-18

കാലയളവിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്,എന്നാൽ ടി സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അൽസലാമ ഹോസ്പിറ്റൽ 2018-19 കാലയളവിൽ ലൈസൻസ് എടുത്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. 2017-18 കാലയളവിൽ 2 സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക -GST ഈടാക്കുന്നതു സംബന്ധിച്ച്.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് വാടകയിനത്തിൽ 2017 ജൂലൈ മുതൽ മാർച്ച് 31 വരെ 231813 രൂപ വരവുണ്ട്. എന്നാൽ വാടകക്കാരിൽ നിന്നും GST(18%) ഈടാക്കിയിട്ടില്ല.GST ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതും ആയത് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-7 ഇ-ടെണ്ടർ പ്രവൃത്തികൾ--ടെണ്ടർ ഫോറം വില ലഭ്യമായില്ല

GO(MS) No 318/2013/LSGD/28-09-2013 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ 5 ലക്ഷം രൂപയോ അതിന് മുകളിലോ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുകയും ഇത്തരം പ്രവൃത്തികളുടെ ഓൺലൈൻ ഇടപാട് വഴിയുള്ള ടെണ്ടർ ഫോറം വില സ്വീകരിക്കുന്നതിനായി പുതിയ സീറോ ബാലൻസ് അക്കൗണ്ട് തുടങ്ങുന്നതിനും ഉത്തരവായിട്ടുള്ളതാണ്. മേലുത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ടെണ്ടർ നടപടികളുടെ ഭാഗമായി ക്രഡിറ്റ് ചെയ്യുന്നത്. ആയത് പ്രകാരം, കാളികാവ് ഗ്രാമപഞ്ചായത്ത് 2017-18വർഷത്തിൽ ടെണ്ടർ ചെയ്ത താഴെപ്പറയുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തത് ഗ്രാമപഞ്ചായത്തിന് ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. ടെണ്ടർ സമർപ്പിച്ചവരുടെ പേരുവിവരവും തുകയും താഴെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര് | ടെണ്ടർ സമർപ്പിച്ചയാൾ | ടെണ്ടർ ഫോറം വില |
|---|---|---|
| പ്രൊജക്ട് നം.181/18-ടാക്സി സ്റ്റാന്റ് നിർമ്മാണം | അക്ബർ മാഞ്ചേരി | 1680 |
| | സൈതലവി | 1680 |
| പ്രൊജക്ട് നം.202/18-പ്ലാസ്റ്റിക് സംസ്കരണ യൂണിറ്റ് | അക്ബർ മാഞ്ചേരി | 2800 |
| | സൈതലവി | 2800 |
| പ്രൊജക്ട് നം.201/18-പൊതു ശ്മശാനം പുനരുദ്ധാരണം | അക്ബർ മാഞ്ചേരി | 2360 |
| | മുഹമ്മദ് കാരുള്ളി | 2360 |
| | സുൽഫീക്കറലി | 2360 |
| | സൈതലവി | 2360 |
| പ്രൊജക്ട് നം.197/18-വനിതാ പകൽ വീട് നിർമ്മാണം | അക്ബർ മാഞ്ചേരി | 2800 |
| | മുഹമ്മദ് | 2800 |
| ആകെ | | 24000 |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 റോഡ് കോൺക്രീറ്റ് പ്രവൃത്തി -ക്രമപ്രകാരമല്ലാതെ തുക ചെലവഴിച്ചു.

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ, 52കോൺക്രീറ്റ് റോഡുകളുടെ നിർമ്മാണം നടന്നിട്ടുണ്ട്. മരാമത്ത് പ്രൊജക്ടുകളിൽ ഭൂരിഭാഗവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളായിരുന്നു. ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരം, ക്വാറിമക്ക് (GSB) നിരത്തിയതിനു മുകളിൽ സോളിംഗ് 7.5 സെ.മീ, മെറ്റലിംഗ് 7.5സെ.മീ, അതിനുമുകളിൽ ടാറിംഗ് 2.5 സെ.മീറ്ററും ചേർത്ത് ആകെ 17.5 സെ.മീ കനമാണ് റോഡിനുള്ളത്. ഭാരമേറിയ വാഹനങ്ങൾ കടന്നുപോകുന്നതിന് വേണ്ടത്ര ഉറപ്പ് ഈ റോഡുകൾക്കുണ്ടെന്നിരിക്കേ, ഇതിലേറെ ഉറപ്പുള്ള കോൺക്രീറ്റ് റോഡ് 1:4:8അനുപാതത്തിൽ 40 mm മെറ്റൽ ഉപയോഗിച്ച് 10 cm കനത്തിലും, 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 7.5cm കനത്തിലും ചെയ്തതായി കാണുന്നു.1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് 10cm കനത്തിൽ ചെയ്തതിനു ശേഷം 1:2:4 അനുപാതത്തിൽ 20mm മെറ്റൽ ഉപയോഗിച്ച് 5cm കനത്തിൽ ചെയ്താൽ തന്നെ ആവശ്യത്തിന് ഉറപ്പും, കട്ടിയും ലഭിക്കുന്നതാണ്. തികച്ചും ഗ്രാമീണറോഡുകൾ/നടപ്പാതകൾ ആയതിനാൽ ഭാരമേറിയവാഹനങ്ങൾ കടന്നു പോകാൻ സാധ്യത കുറവായതിനാൽ, മേൽപ്പറഞ്ഞ പ്രകാരം, കോൺക്രീറ്റ് ചെയ്തത് പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവുണ്ടാക്കിയിട്ടുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കൂടാതെ, തസ്വഭവ,ചീഫ് എഞ്ചിനീയർ, കോഴിക്കോട് കോർപ്പറേഷൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്കയച്ച നം.ഡിബി4/9099/2015/സി.ഇ /തസ്വഭവ തീ.28.09.2015 കത്ത് പ്രകാരം നടപ്പാതകൾക്ക് 1:4.8cc 10സെ.മീ.കനത്തിലും.1:2.4cc 5സെ.മീ.കനത്തിലും ചെയ്യാവുന്നതാണെന്നും, വാഹനഗതാഗതം കൂടുതലുള്ള നടപ്പാതകൾക്ക് സബ് ഗ്രേഡിന്റെ ഉറപ്പു കൂടി പരിഗണിച്ച് 1:4.8cc 10 മുതൽ 15 സെ.മീ.വരെ കനത്തിലും, 1:2.4cc, 5സെ.മീ. മുതൽ 7.5 സെ.മീ.വരെ കനത്തിലും ചെയ്യാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചെയ്തിട്ടുള്ള എല്ലാ പ്രവൃത്തികളിലും 1:4:8cc, 10 cm കനത്തിലും, 1:2:4cc, 7.5cm കനത്തിലുമാണ് ചെയ്തിട്ടുള്ളത്. സബ് ഗ്രേഡിന്റെ ഉറപ്പ് കൂടുതൽ ആവശ്യമുള്ള/ കോൺക്രീറ്റ് ചെയ്യേണ്ട ആവശ്യകത സംബന്ധിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിലോ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗത്തിലോ ഇക്കാര്യം ചർച്ച ചെയ്യുകയോ, തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. റോഡ് കോൺക്രീറ്റ് പ്രവൃത്തികളിൽ,അനാവശ്യമായ സാമ്പത്തിക നഷ്ടം പഞ്ചായത്തിന് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 3-2 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല.

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിലാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/lതസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു. വിശദവിവരം താഴെ ചേർക്കുന്നു. ( KCWWf, IT എന്നിവ പിടിച്ചിട്ടുണ്ട്.)

| പ്രൊജക്ടിന്റെ വിശദവിവരം | മൂല്യനിർണ്ണയ തുക | ബിൽ നം, ചെക്ക് നം./തീയതി | മൂല്യനിർണ്ണയത്തുകയുടെ 5% |
|---|---|---|---|
| പ്രൊജക്ട് നം.207/18- പള്ളിശ്ശേരി GLPS റിപ്പയർ | 98448 | 10/17-18/08.01.18 | 4922 |
| പ്രൊജക്ട് നം.204/18 പൂങ്ങോട് സ്കൂൾ റിപ്പയർ | 447840 | 43/17-18/15.01.18 | 22392 |
| പ്രൊജക്ട് നം.209/18 മുത്തൻ തണ്ട് അംഗൻവാടി റിപ്പയർ | 149013 | 70/17-18/27.02.18 | 7451 |
| പ്രൊജക്ട് നം.183/18 പേവുന്തറ അംഗൻവാടി നിർമ്മാണം | 488079 | 86/17-18/29.02.18 | 24404 |
| പ്രൊജക്ട് നം.185/18 കല്ലൻ കുന്ന് അംഗൻവാടി റിപ്പയർ | 24439 | 2032320/27.12.17 | 1222 |
| പ്രൊജക്ട് നം.230/18 മൈലാടി അരിമണൽ ക്രോസ് റോഡ് പുരോഗമനം | 148909 | 103/17-18/24.03.18 | 7445 |
| ആകെ | | | 67836 |

ക്രമപ്രകാരം ബില്ലിൽ നിന്നും 5% കുറവ് ചെയ്യാതിരുന്നതു മൂലം 67836/- രൂപ ഗുണഭോക്തൃ സമിതിക്ക് അധികം നൽകാനിടയായിട്ടുണ്ട്. അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.2/17.09.18) ക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി സർക്കാർ ഹെഡ്ഡിൽ അടവാക്കേണ്ടതാണ്.

## 3-3 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ-പഞ്ചായത്ത് ഫണ്ടിന് അമിതഭാരവും അധികച്ചെലവും

2017-18 വർഷത്തിൽ 126 മരാമത്ത് പ്രവൃത്തികൾ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുകയുണ്ടായി. ഇതിൽ 52 എണ്ണവും റോഡ് കോൺക്രീറ്റ് പ്രവൃത്തികളാണ്. ഇതിൽ ഭൂരിഭാഗവും ചെറിയ ദൂരമുള്ള ഇടവഴികളും നടപ്പാതകളുമാണ്. എല്ലാ പ്രവൃത്തികളും കരാറുകാർ മുഖേനയാണ് നിർവ്വഹിക്കപ്പെട്ടിട്ടുള്ളത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 9 റോഡ് കോൺക്രീറ്റ് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഈ വർഷം തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ നടപ്പിലാക്കിയത് 2018-19-ൽ ആണ്. ഗ്രാമീണ റോഡുകളും, പുനരുദ്ധാരണവും (തൊഴിൽ ഘടകവും, സാധനഘടകവും 60:40 അനുപാതത്തിൽ നിൽക്കത്തക്ക രീതിയിൽ) ഏറ്റെടുക്കാവുന്നതാണെന്ന് 2017-18 NREGS മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. NREGS

മുഖേന ചെയ്യുന്ന കോൺക്രീറ്റ് റോഡുകൾക്ക് പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിംഗ് വഴി ചെയ്യുന്ന റോഡ് കോൺക്രീറ്റ് പ്രവൃത്തികളെക്കാൾ ചെലവ് വളരെ കുറവാണെന്ന കാണുന്നു. 61 മീറ്റർ നീളമുള്ള മാക്കി കോളനി റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് വന്നിട്ടുള്ള ചെലവും, NREGS മുഖേന ചെയ്യുമ്പോഴുള്ള ചെലവും താഴെ ഉദാഹരണമായി ചേർക്കുന്നു.

| ഇനം | അളവ് | എഞ്ചിനീയറിംഗ് വിംഗ് വഴി ചെയ്താൽ ചെലവ് | | NREGS മുഖേന | |
|---|---|---|---|---|---|
| | | നിരക്ക് | തുക | നിരക്ക് | തുക |
| റോഡിന്റെ പ്രതലം ലെവൽ ചെയ്യൽ | 183 sqm | 19.56/sqm | 3579 | 8.41/sqm | 1539.03 |
| ക്വാറിമക്ക് നിരത്തൽ | 27.450 cum | 892.41/cum | 24496.65 | 411.48/cum | 11295.12 |
| 40Mm മെറ്റൽ ഉപയോഗിച്ച് 1:4:8 സിമന്റ് കോൺക്രീറ്റ് | 18.300 cum | 6278.37/cum | 114894.17 | 4609.36/cum | 84351.28 |
| 20Mm മെറ്റൽ ഉപയോഗിച്ച് 1:2:4 സിമന്റ് കോൺക്രീറ്റ് | 13.725 cum | 7685.69/cum | 105486.10 | 5809.98/cum | 79741.97 |
| ആകെ | | | 248455.92 | | 176927.40 |

വ്യത്യാസം--248456-176927=71529

കോൺക്രീറ്റ് പ്രവൃത്തികൾ ഓരോ വർഷവും വർദ്ധിച്ചു വരുന്ന പ്രവണതയാണ് കണ്ടു വരുന്നത്. പൊതുമരാമത്ത് മേഖല റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ മാത്രമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. നടപ്പാതകളും ചെറിയ ഇടവഴികളും NREGS മുഖേന നിർവ്വഹിച്ചാലുണ്ടാകുന്ന ലാഭം മേൽ കാണിച്ച താരതമ്യത്തിൽ നിന്നും വ്യക്തമാണ്. 1ലക്ഷത്തിന് മുകളിൽ ചെലവു വരുന്നതാണ് പ്രവൃത്തികളെല്ലാം. ശരാശരി ഒരു പ്രവൃത്തിയിൽ നിന്നും 40000 രൂപ ലാഭം കണക്കാക്കിയാൽ 52x40000=2080000 രൂപ 2017-18 വർഷത്തിൽ മാത്രം അധികച്ചെലവുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കാവുന്നതാണ്. കൂടാതെ തൊഴിലുറപ്പു മേഖലയിൽ അധികമായി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനും സാധിക്കും. NREGS മുഖേന സൃഷ്ടിക്കപ്പെടുന്ന തൊഴിൽ ദിനങ്ങൾ കുറഞ്ഞു വരുന്നതായാണ് കാണുന്നത്. 16-17-ൽ 59113 തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നത്, 17-18-ൽ 44747 ആയി ചുരുങ്ങി. പൊതുഫണ്ട് ചെലവഴിക്കുമ്പോൾ ഏറ്റവും ചെലവു കുറഞ്ഞ രീതി, ഫലപ്രാപ്തി, വസ്തുനിഷ്ഠത, സുതാര്യത എന്നിവ കണക്കിലെടുക്കേണ്ടതാണ്. പ്രൊജക്ടുകളുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ക്രിയാത്മകമായ സമീപനം ഉറപ്പാക്കേണ്ടതാണ്.

## 3-4 അരിമണൽ പുഴയ്ക്ക് തത്രക്കല്ലിൽ നടപ്പാലം----പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നം.183/115, 124/16,187/18

അടങ്കൽ-വികസന ഫണ്ട്- ------799000

മറ്റു ഗ്രാമ പഞ്ചായത്ത് വിഹിതം--300000

കേന്ദ്രാവിഷ്കൃതം----------------- 400000

1499000

കൺവീനർ--ശ്രീ. ഹബീബ്

എഗ്രിമെന്റ് നം.140/14-15/31.03.15

ബിൽ നം. 64/15-16/21.10.15—799000

ചെക്ക് നം.90377/26.10.15--- 400000

203230/02.02.18.------------------ 300000

മേൽ വിവരിച്ച പ്രകാരമുള്ള പദ്ധതിക്ക് ഭരണാനുമതിയും,സാങ്കേതികാനുമതിയും 14-15 വർഷത്തിൽ ലഭിച്ചതാണെങ്കിലും പദ്ധതിയുടെ പൂർത്തീകരണം 17-18-ൽ മാത്രമാണ് ഉണ്ടായിട്ടുള്ളത്. പദ്ധതി സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1—ഒരു സംയുക്ത പ്രൊജക്ട് ആയാണ് പ്രവൃത്തി വിഭാവനം ചെയ്തിരുന്നത്. തുവ്വൂർ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം കൂടി പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ തുവ്വൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും വിഹിതം ലഭ്യമായിട്ടില്ല. ആയതു കൂടി പഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടി വരാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

2-പ്രൊജക്ടിൽ കേന്ദ്ര വിഹിതം ഉൾപ്പെടുത്തിയത് എപ്രകാരമാണ് ലഭ്യമാവുക എന്നത് സംബന്ധിച്ച് വ്യക്തതയില്ല. പശ്ചിമ ഘട്ട വികസന പദ്ധതിയുടെ അക്കൌണ്ടിൽ നിന്നും (A/c No.0429—പഞ്ചാബ് നാഷണൽ ബാങ്ക്, കാളികാവ്) 400000 രൂപ പിൻവലിച്ച് കൺവീനർക്ക് നൽകിയതായി കാണുന്നു. ഒരു പ്രത്യേക സ്കീമിനായി ലഭിച്ച ഫണ്ട് മറ്റ് പദ്ധതികൾക്ക് വേണ്ടി വക മാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും അനുമതി പത്രം വാങ്ങിയിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3-പദ്ധതിയുടെ പൂർത്തീകരണം വൈകാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

അപാകത സൂചിപ്പിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നം.5/18.09.18) ക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമ നം. 2 പ്രകാരം തുക വകമാറ്റി ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 കെട്ടിടം പൊളിച്ച മാറ്റിയ സാധനസാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയില്ല

പ്രൊജക്ട് നം.183/18 (പേവും തറ അംഗൻവാടി കെട്ടിട നിർമ്മാണം)
കൺവീനർ--ശ്രീമതി നസീമാബീഗം
നിർവ്വഹണം-അസിസ്റ്റന്റ് എഞ്ചിനീയർ

ബിൽ നം.86/17-18/29.02.18—488079

അളവു പുസ്തകം-76/17

നിലവിലുണ്ടായിരുന്ന ഓടിട്ട കെട്ടിടം പൊളിച്ച മാറ്റി, പുതിയ കെട്ടിടം പണിയുന്നതാണ് പ്രൊജക്ട്. ഇപ്രകാരം കല്ല്, മരം,ഓട് എന്നിവ പൊളിച്ച മാറ്റുകയും ഉപയോഗമുള്ളത് Stack ചെയ്യുകയും ഉപയോഗമില്ലാത്തത് Dispose ചെയ്തതായും അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 22/09/2018 ന് നടത്തിയ സ്ഥല പരിശോധനയിൽ, ഓട്, ചെങ്കല്ല് എന്നിവ മാത്രം Stack ചെയ്തതായാണ് കാണുന്നത്. വാതിൽ, ജനൽ എന്നിവയടക്കമുള്ള മരസാധനങ്ങൾ പരിസരത്ത് തന്നെ ചിതറിക്കിടക്കുന്ന അവസ്ഥയാണുള്ളത്. നിലവിൽ കെട്ടിടത്തിന്റെ സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്. പഴയ കെട്ടിട സാധനങ്ങൾ പുതിയ കെട്ടിട നിർമ്മാണത്തിന് ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പൊളിച്ചെടുത്ത സാധനങ്ങളുടെ വിനിയോഗ വിവരം/ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-6 എസ്.സി.വിവാഹധനസഹായം--സമയപരിധി കഴിഞ്ഞ അപേക്ഷ പരിഗണിച്ചു.

പ്രൊജക്ട് നം.15/17-18

ബിൽ നം.12/17-18/19.03.18—75000(150000)

നിർവ്വഹണം--അസിസ്റ്റന്റ് സെക്രട്ടറി

ജി.ഒ. (എം.എസ്) നം.80/2017/തസ്വഭവ/ 03.04.17-സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ രക്ഷകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് 75000 രൂപ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ, വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. (സ.ഉ.(സാധാ)നം.2438/തസ്വഭവ തീ.17.08.2018പ്രകാരം വിവാഹം കഴിഞ്ഞ് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയം 180 ദിവസമാക്കി ഉയർത്തിയിട്ടുണ്ട്.) കാലപരിധിക്കകം അപേക്ഷിക്കാത്ത കേസുകൾ പ്രത്യേകം പരിശോധിച്ച് അനുമതി നൽകേണ്ടത് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കലക്ടറാണ്. മേൽപ്പറഞ്ഞ പ്രൊജക്ടിലൂടെ സുരേഷ് ബാബു S/O അയ്യപ്പൻ എന്ന ഗുണഭോക്താവിന് 75000 രൂപ ആനുകൂല്യം നൽകിയിട്ടുണ്ട്. മകൾ സുഷിബയുടെ വിവാഹം കഴിഞ്ഞത് 24.04.2013 ന് ആണ്. (മാര്യേജ് സർട്ടിഫിക്കറ്റ് നം.1375/2018) ഇത്രയും വൈകി ആനുകൂല്യം നൽകിയത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഗുണഭോക്താവിന്റെ അപേക്ഷ ഫയലിൽ ഇല്ല. ജില്ലാ കലക്ടറിൽ നിന്നും പ്രത്യേക അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ, ആയതും, ഭരണസമിതി തീരുമാനവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.19/22.09.18) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. 75000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു. മുൻ വർഷത്തിൽ ഇതേ ആനുകൂല്യം പഞ്ചായത്തിൽ നിന്നോ വകുപ്പിൽ നിന്നോ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്.

## 3-7 GST കുറവ് ചെയ്യാതെ തുക നൽകി.

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന സ്ഥാപനം ഹാജരാക്കിയ ബില്ലുകളിൽ GST രജിസ്ട്രേഷൻ സംബന്ധിച്ച വിശദാംശം ഇല്ല. എന്നാൽ ഈ സ്ഥാപനത്തിന് GST ഈടാക്കാതെ ബിൽ പ്രകാരമുള്ള മുഴുവൻ തുകയും നൽകിയിതായി കാണുന്നുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

ഇനം: പ്രിന്റിംഗ് ചാർജ് കൊടുത്തത്.

സ്ഥാപനം: ന്യൂ വനിതാ ഓഫ് സെറ്റ് പ്രസ്സ്, കാളികാവ് (സലേഷ് കുമാർ).

തുക നൽകിയതിന്റെ വിശദാംശം

| ക്ര നം | വൗച്ചർ നംപർ | തുക (രൂപ) | ചെലവിനം |
|---|---|---|---|
| 1 | 21700320/22-8-17 | 125680 | പദ്ധതിരൂപീകരണം; പ്രിന്റിംഗ് ചാർജ് |
| 2 | 21700472/30-10-17 | 28317 | നോട്ടീസ്,ഫോറം പ്രിന്റിംഗ് ചാർജ് |
| 3 | 21700614/19-12-17 | 27180 | നോട്ടീസ് മുതലായവയുടെ പ്രിന്റിംഗ് ചാർജ് |
| | ആകെ | 181177 രൂപ | |

മേൽ സ്ഥാപനത്തിന് GST കുറവ് ചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുകയോ മേൽ സ്ഥാപനത്തിന്റെ വാർഷിക ടേൺ ഓവർ പത്രിക ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്.

## 3-8 ഡെപ്പോസിറ്റ് പ്രവൃത്തി; പൂർത്തീകരണവിവരം ലഭ്യമല്ല

നി.ഉദ്യോഗസ്ഥൻ. സെക്രട്ടറി.

താഴെ പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പ്രവൃത്തി | തുക(രൂപ) | തുക കൈപ്പറ്റിയത് |
|---|---|---|---|
| 1 | ആമപ്പോയിൽ കമ്മുണ്ണിപ്പടി മുതൽ കൈതമണ്ണ ക്ഷേത്രം വരെ മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 169/18 | 100000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 2 | അസൈനാർപടി വെള്ളയൂർ ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 170/18 | 300000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 3 | വടക്കേക്കുന്ന് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 167/18 | 100000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 4 | മേലേകാളികാവ് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 168/18 | 100000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 5 | പേവുംതറ നായിക്കംകുന്ന് ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 171/18 | 200000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 6 | വെള്ളംചാട്ടുകല്ല് അംഗണവാടി ഭാഗത്തേക്ക് മതുമല കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ. 218/18 | 300000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. KWA മലപ്പുറം. |
| 7 | കാളികാവ് പുഴയിൽ തടയണ നിർമാണം 234/18 | 360000 | എക്സിക്യൂട്ടീവ് എഞ്ചിനീയർ. ചെറുകിട ജലസേചനവിഭാഗം. മലപ്പുറം. |
| | ആകെ | 1460000 | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണവിവരം വിശദമായ മൂല്യനിർണ്ണയം സഹിതം അറിയിക്കേണ്ടതാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-9 കാഴ്ച്ച ശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകൽ- മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചില്ല.

| | |
|---|---|
| പദ്ധതി | : കാഴ്ച്ച ശക്തിയില്ലാത്ത വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് [165/2018] |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : ഹെഡ്മാസ്റ്റർ |
| അടങ്കൽ | : 300000 (വികസന ഫണ്ട് ജനറൽ) |
| ചെലവ്/ബിൽ നമ്പർ | : 59520/- 09/17-18/09.02.2018 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ട് പ്രകാരം കാഴ്ച്ച ശക്തിയില്ലാത്ത രണ്ട് വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും കെൽട്രോണിൽ നിന്നും വാങ്ങി നൽകിയിട്ടുണ്ട് (2*29760=59520 including Taxes). സബ്സിഡി മാർഗ്ഗ രേഖയിലെ [GO(MS)No. 80/2017 LSGD dtd 03.04.2017] ഖണ്ഡിക 10.1(ഡി).4 പ്രകാരം പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്കാണ് ടോക്കിംഗ് സൗകര്യത്തോട് കൂടിയ ലാപ്ടോപ്പ് നൽകാൻ അനുമതിയുള്ളത്. എന്നാൽ പ്രസ്തുത പ്രൊജക്ട് പ്രകാരം മൂന്നാം ക്ലാസ് വിദ്യാർത്ഥിയായ മുഹമ്മദ് റിഷാൽ [GUHS അഞ്ചച്ചവടി]ന് ലാപ്ടോപ്പ് നൽകിയിട്ടുണ്ട്.

മേൽ അപാകത ശ്രദ്ധയിൽപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് [10/17-18 തിയ്യതി 19.09.2108] ലഭ്യമാക്കിയ മറുപടിയിൽ, പ്രസ്തുത വിദ്യാർത്ഥിയുടെ കാഴ്ച ശക്തി പൂർണ്ണമായും നഷ്ടപ്പെട്ടതാണെന്നും, ടോക്കിംഗ് സൗകര്യത്തോട് കൂടിയ ലാപ്ടോപ്പ് നൽകുന്നത് വിദ്യാർത്ഥിയുടെ പഠനത്തിന് ഗുണകരമായിരിക്കുമെന്ന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർ സാക്ഷ്യപ്പെടുത്തുകയും, ആയത് ആരോഗ്യ വിദ്യാഭാസ സ്റ്റാൻറ്റിംഗ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ലാപ്ടോപ്പ് നൽകിയതെന്ന് അറിയിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണത്തിന്മേൽ (ഓഡിറ്റ് റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ) പഞ്ചായത്ത് ഭരണ സമതിയുടെ അഭിപ്രായം അറിയിക്കേണ്ടതാണ്.

## 3-10 മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

വൃദ്ധർക്ക് മരുന്ന് വിതരണം [50/18], പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി [49/18], ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ [31/18] എന്നീ പ്രൊജക്ടുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ഔഷധി എന്നീ സ്ഥാപനങ്ങളിൽനിന്നും മരുന്നുകൾ വാങ്ങുന്നതിന് തുക നൽകിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രൊജക്ട്/ നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ്/ബിൽ നമ്പർ | കുറിപ്പ് |
|---|---|---|---|
| 1 | വൃദ്ധർക്ക് മരുന്ന് വിതരണം [50/18],<br>മെഡിക്കൽ ഓഫീസർ [CHC] | 285000/-<br>4/17-18,15.12.17 | 285000/- രൂപയുടെ മരുന്നും ലഭിക്കാൻ അവശേഷിക്കുന്നു. |
| 2 | പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി [49/18],<br>മെഡിക്കൽ ഓഫീസർ [CHC] | 324492/-<br>9/17-18,31.03.18 | 324492/- രൂപയുടെ മരുന്നും ലഭിക്കാൻ അവശേഷിക്കുന്നു. |
| 3 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ [31/18],<br>സെക്രട്ടറി | 450000/-<br>27/17-18,31.03.18 | 349836/- രൂപയുടെ മരുന്നുകൾ ലഭിച്ചു. 100164/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങളുമായി കത്തിടപാടുകൾ നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പ്രഥമ മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിക്കേണ്ടതുമാണ്. മരുന്നുകൾ ലഭ്യമാവും വരെ ചെലവുതുക തടസ്സം ചെയ്യുന്നു.

## 3-11 ആശ്രയ പദ്ധതി-ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിച്ചില്ല

ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി ആശ്രയ പദ്ധതി നിർബന്ധമായും നടത്തേണ്ടതാണെന്നിരിക്കേ ഗ്രാമ പഞ്ചായത്തിൽ ആശ്രയ പദ്ധതി വർഷങ്ങളായി നിശ്ചലാവസ്ഥയിലാണ്. 2005-2006 മുതൽ 2008-2009 വരെയുള്ള കാലയളവിലേക്കായി ആസൂത്രണം

ചെയ്ത പദ്ധതി, മുഴുവൻ അടിസ്ഥാന അതിജീവനാവശ്യങ്ങൾ നിറവേറ്റപ്പെടാതെ അവസാനിച്ചതായി കാണുന്നു. തുടർസേവന പ്രൊജക്ട് നടപ്പിലാക്കിയിട്ടില്ല. രണ്ടാം ഘട്ട പ്രൊജക്റ്റും നടപ്പിലാക്കിയിട്ടില്ല. 10-11ൽ പുന:പരിശോധനക്ക് ശേഷമുള്ള പദ്ധതി നടക്കുകയുണ്ടായി. 10-11ന ശേഷം പദ്ധതി നിശ്ചലമാവുകയായിരുന്നു. 31.05.2018 ന് 1269822 രൂപ പദ്ധതി അക്കൌണ്ടിൽ (A/c No.87036-പഞ്ചാബ് നാഷണൽ ബാങ്ക്,കാളികാവ്) നീക്കിയിരിപ്പുണ്ട്. ഇതിൽ 742943 രൂപ വികസനഫണ്ടും, 53153 രൂപ ചലഞ്ച് ഫണ്ടും, ബാക്കി പലിശയുമാണ്. ആവശ്യത്തിന് ഫണ്ട് ലഭ്യമായിരുന്നിട്ടും സമൂഹത്തിലെ ഏറ്റവും ദരിദ്രരും, നിരാലംബരുമായ ഗുണഭോക്താക്കളുടെ അടിസ്ഥാന, അതിജീവനാവശ്യങ്ങൾ വർഷങ്ങളോളം നിർവ്വഹിക്കപ്പെടാതിരിക്കുന്നത്, പദ്ധതി നിർവ്വഹണത്തിലെ ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.വികസനഫണ്ട് അടക്കമുള്ള തുക നിഷ്ക്രിയ ആസ്തിയായി ബാങ്ക് അക്കൌണ്ടിൽ സൂക്ഷിച്ചത്,ഫണ്ടിന്റെ ദുരുപയോഗമാണ്. പദ്ധതി നടത്തിപ്പിന്റെ പുരോഗതി, നിർവ്വഹണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്തതായി കാണുന്നില്ല. പദ്ധതിയുടെ നിർവ്വഹണത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ക്രിയാത്മകമായ ഇടപെടൽ ഉണ്ടായിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. സ.ഉ.(എം.എസ്) നം.252/2017/തസ്വഭവ 12.12.2017-അഗതി രഹിത കേരളം- മാർഗ്ഗരേഖ അനുസരിച്ച് പദ്ധതി തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. നീക്കിയിരിപ്പുള്ള തുക കൂടി വിനിയോഗിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് ഫലപ്രദമായി പദ്ധതി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 NREGS—ജലസുരക്ഷാ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കിയില്ല.

സംസ്ഥാനത്തെ പ്രധാന കുടിവെള്ള സ്രോതസ്സുകളായ കിണറുകളെ മഴവെള്ളത്താൽ റീചാർജ് ചെയ്യുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ജലസുരക്ഷ. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കർമ്മ പദ്ധതിയിൽ നിർബന്ധമായും കിണർ റീചാർജ് പ്രവൃത്തികൾ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ (കൈ) നം.161/16/തസ്വഭവ തീ.09.11.16-പ്രകാരം ജലസുരക്ഷ-സമ്പൂർണ്ണ കിണർ റീചാർജ് സംബന്ധിച്ച പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ ഒന്നാം ഘട്ട നടത്തിപ്പിനായി മലപ്പുറം ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത 17 ഗ്രാമ പഞ്ചായത്തുകളിൽ ഒന്ന് കാളികാവ് ഗ്രാമ പഞ്ചായത്താണ്. മാർഗ്ഗരേഖ അനുസരിച്ച് സർവ്വേ നടത്തിയതിൽ 2983 കിണറുകൾക്ക് റീചാർജ് ആവശ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ ഓരോ വാർഡിലും 10 വീതം 190 കിണർ റീചാർജ് പ്രവൃത്തികൾ പ്ലാൻ ചെയ്തിരുന്നെങ്കിലും 21 എണ്ണം മാത്രമാണ് ചെയ്തിട്ടുള്ളതെന്ന് കാണുന്നു. ഗ്രാമ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം ഉണ്ടാകുന്നുണ്ട്.ഓഡിറ്റ് വർഷത്തിൽ 560000 ലിറ്റർ കുടിവെള്ളം വിതരണം ചെയ്യുന്നതിനായി 243936 രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. (വൌച്ചർ നം.21700203/21.06.17) കിണർ റീചാർജ് ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും, ജലക്ഷാമം പരിഹരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ, സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് നടപ്പിലാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 68000 | നെൽ കൃഷിക്ക് കൂലിച്ചെലവ്,ജൈവ | 68000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വളവിതരണം | | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 400000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 400000 | ഭിന്ന ശേഷി വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 500000 | പരിയങ്ങാട് അംഗനവാടി നിർമ്മാണം | 0 | 500000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | മധുമല പൈപ്പ് ലൈൻ വടക്കേക്കുന്ന് ഭാഗത്തേക്ക് നീട്ടൽ | 15/17-18 dtd 30.10.2017 | 100000 | - | 100000 |
| കേരള വാട്ടർ അതോറിറ്റി | മധുമല പൈപ്പ് ലൈൻ മേലേ കാളികാവ് ഭാഗത്തേക്ക് നീട്ടൽ | 14/17-18 dtd 30.10.2017 | 100000 | - | 100000 |
| കേരള വാട്ടർ അതോറിറ്റി | ആമപ്പൊയിൽ കമ്മുണ്ണിപ്പടി മുതൽ കൈതമണ്ണ ക്ഷേത്രം വരെ മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 13/17-18 dtd 30.10.2017 | 100000 | | 100000 |
| കേരള വാട്ടർ അതോറിറ്റി | അസൈനാർപടി വെള്ളയൂർ ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 12/17-18 dtd 30.10.2017 | 300000 | | 300000 |
| കേരള വാട്ടർ അതോറിറ്റി | പേവുന്തറ നായ്ക്കംകുന്ന് ഭാഗത്തേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 11/17-18 dtd 30.10.2017 | 200000 | | 200000 |
| കേരള വാട്ടർ അതോറിറ്റി | വെള്ളംചാട്ടുകല്ല് | 10/17-18 | 300000 | | 300000 |

| | | | | | |
|---|---|---|---|---|---|
| | അംഗനവാടിയിലേക്ക് മധുമല കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | dtd 30.10.2017 | | | |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | കാളികാവ് പുഴയിൽ തടയണ നിർമ്മാണം | 28/17-18 dtd 31.03.2018 | 3600000 | | 3600000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ താഴെ ചേർക്കും പ്രകാരം വരവുണ്ട്

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നമ്പർ, തിയതി |
|---|---|---|---|---|---|
| 1 | 2015-16 | 3-5 | 7253 | സജ്ന,അക്കൗണ്ടന്റ്, കാളികാവ് ഗ്രാമപഞ്ചായത്ത്. | 117010100917 /31.05.2017 |
| 2 | 2016-17 | 2-6(1) | 33 | ലക്ഷ്മി മുതൽ പേർ | 117010102825 /16.09.2017 |
| 3 | 2016-17 | 2-6(1) | 51 | അഹമ്മദ് കുട്ടി പുലത്ത് | 117010102826 /16.09.2017 |
| 4 | 2016-17 | 2-6(1) | 40 | അബ്ദുൾ സത്താർ പറച്ചിക്കോടൻ | 117010102827 /16.09.2017 |
| 5 | 2016-17 | 2-6(1) | 52 | വീരാൻ അരിപ്പത്തൊടിക | 117010102828 /16.09.2017 |
| 6 | 2016-17 | 2-6(1) | 20 | സോജൻ എബ്രഹാം കല്ലൂർ | 117010102829 /16.09.2017 |
| 7 | 2016-17 | 2-6(1) | 36 | അസ്കർ പരുത്തിക്കുന്നൻ | 117010102830 /16.09.2017 |
| 8 | 2016-17 | 2-6(1) | 11 | അബ്ദുൾ മജീദ് പൂവ്വത്തിക്കൽ | 117010102831 /16.09.2017 |
| 9 | 2016-17 | 2-6(1) | 36 | ഹംസ കുന്നത്ത് | 117010102832 /16.09.2017 |
| 10 | 2016-17 | 2-6(1) | 32 | നാരായണൻ കുന്നിക്കൽ | 117010102833 /16.09.2017 |
| 11 | 2016-17 | 2-6(1) | 32 | മുഹമ്മദ് പൂന്തിരുത്തി | 117010102834 /16.09.2017 |
| 12 | 2016-17 | 2-6(1) | 42 | കോയ കുഞ്ഞിപ്പുതങ്ങൾ | 117010102835 /16.09.2017 |
| 13 | 2016-17 | 2-6(1) | 39 | സമീർഅലി ചെട്ടിയാർതൊടിക | 117010102836 /16.09.2017 |
| 14 | 2016-17 | 2-6(1) | 29 | അബ്ദുൾ റസാക്ക് മുസ്ല്യാരകത്ത് | 117010102837 /16.09.2017 |

| | | | | | |
|---|---|---|---|---|---|
| 15 | 2016-17 | 2-6(1) | 39 | ഷാജി.കെ.കെ | 117010102838 /16.09.2017 |
| 16 | 2016-17 | 2-6(1) | 37 | ഫാത്തിമ മാത്തിൽ | 117010102839 /16.09.2017 |
| 17 | 2016-17 | 2-6(1) | 35 | സുനീഷ് ബാബു വടക്കംപറമ്പിൽ | 117010102869 /18.09.2017 |
| 18 | 2016-17 | 2-6(1) | 43 | നാസർ പാലത്തിങ്ങൽ | 117010102864 /18.09.2017 |
| 19 | 2016-17 | 2-6(1) | 31 | സിദ്ദീഖ് നെച്ചിക്കാടൻ | 117010102865 /18.09.2017 |
| 20 | 2016-17 | 2-6(1) | 39 | സുലൈമാൻ മാവുങ്കൽ | 117010102866 /18.09.2017 |
| 21 | 2016-17 | 2-6(1) | 19 | രാജേഷ് കോന്നീരി | 117010102867 /18.09.2017 |
| 22 | 2016-17 | 2-6(1) | 48 | ഫാത്തിമക്കുട്ടി ചുണ്ടിയൻമൂച്ചി | 117010102868 /18.09.2017 |
| 23 | 2016-17 | 2-6(1) | 52 | അലവി മാവുങ്ങൽ | 117010102869 /18.09.2017 |
| 24 | 2016-17 | 2-6(1) | 40 | ഫാത്തിമ സുഹ്റ വള്ളിക്കാപറമ്പിൽ | 117010102870 /18.09.2017 |
| 25 | 2016-17 | 2-6(1) | 42 | ഉണ്ണ്ച്ചേക്കു വലിയപീടികക്കൽ | 117010102871 /18.09.2017 |
| 26 | 2016-17 | 2-6(1) | 30 | വീരാൻ നീലേങ്ങാടൻ | 117010102872 /18.09.2017 |
| 27 | 2016-17 | 2-6(1) | 31 | ഹംസ വെള്ളേങ്ങര | 117010102873 /18.09.2017 |
| 28 | 2016-17 | 2-6(1) | 38 | ഇസുദ്ദീൻ വാഴത്തൊടിക | 117010102874 /18.09.2017 |
| 29 | 2016-17 | 2-6(1) | 39 | ഹൈദരലി.കെ.പി& ഷിഫ ഷെറിൻ | 117010102875 /18.09.2017 |
| 30 | 2016-17 | 2-6(1) | 42 | മുഹമ്മദ് ഇസ്ഹാക്ക് ചീരാൻതൊടിക | 117010102876 /18.09.2017 |
| 31 | 2016-17 | 2-6(1) | 31 | രതീഷ് ആട്ടുപുരക്കൽ | 117010102877 /18.09.2017 |
| 32 | 2016-17 | 2-6(1) | 49 | അബ്ദുള്ള ആനപ്പട്ടത്ത് | 117010102878 /18.09.2017 |
| 33 | 2016-17 | 2-6(1) | 31 | മുഹമ്മദ് ഫൈസൽ മാഞ്ചേരി | 117010102879 /18.09.2017 |
| 34 | 2016-17 | 2-6(1) | 43 | ഷാനവാസ്&ആരിഫ് ഖാൻ | 117010102880 /18.09.2017 |
| 35 | 2016-17 | 2-6(1) | 26 | സുനീർ വാളോറിങ്ങൽ | 117010102881 /18.09.2017 |
| 36 | 2016-17 | 2-6(1) | 36 | സമീർ പൊട്ടേങ്ങൽ | 117010102882 /18.09.2017 |
| 37 | 2016-17 | 2-6(1) | 51 | അസ്കറലി വള്ളുവമ്പാലി | 117010102883 /18.09.2017 |
| 38 | 2016-17 | 2-6(1) | 43 | ഉമ്മർ അരീത്തല | 117010102884 /18.09.2017 |
| 39 | 2016-17 | 2-6(1) | 25 | സുലൈഖ വള്ളിയിൽ | 117010102885 /18.09.2017 |
| 40 | 2016-17 | 2-6(1) | 48 | കുഞ്ഞബ്ദുള്ള ആനപ്പട്ടത്ത് | 117010102886 /18.09.2017 |

| | | | | | |
|---|---|---|---|---|---|
| 41 | 2016-17 | 2-6(1) | 34 | ശശിധരൻ കോട്ടക്കുന്നത്ത്. | 117010102887 /18.09.2017 |
| 42 | 2016-17 | 2-6(1) | 39 | അബ്ദുറഹ്മാൻ മാഞ്ചേരി | 117010102888 /18.09.2017 |
| 43 | 2016-17 | 2-6(1) | 52 | സഫീറ് പള്ളിയാലിത്തൊടിക | 117010102889 /18.09.2017 |
| 44 | 2016-17 | 2-6(1) | 48 | ഉണ്ണിക്കോയ മഠത്തിൽ | 117010102890 /18.09.2017 |
| 45 | 2016-17 | 2-6(1) | 35 | അൻവർ സാദത്ത് ഇരട്ടപ്പുലാൻ | 117010102891 /18.09.2017 |
| 46 | 2016-17 | 2-6(1) | 94 | താലിഷ് മുതൽപേർ | 117010102892 /18.09.2017 |
| 47 | 2016-17 | 2-6(1) | 49 | ഷമീം കൈപ്പഞ്ചേരി | 117010102893 /18.09.2017 |
| 48 | 2016-17 | 2-6(1) | 41 | ആയിഷുമ്മ മുതൽപേർ | 117010102894 /18.09.2017 |
| 49 | 2016-17 | 2-6(1) | 38 | ഫിറോസ് പഴയേടത്ത് | 117010102895 /18.09.2017 |
| 50 | 2016-17 | 2-6(1) | 48 | സഫീർ പൊറ്റയിൽ | 117010102896 /18.09.2017 |
| 51 | 2016-17 | 2-6(4) | 448 | പൂക്കോയ തങ്ങൾ വലിയാക്കത്തൊടിക | 117010103194 /26.09.2017 |
| 52 | 2016-17 | 2-6(3)-3 | 727 | സലാഹുദ്ദീൻ ചെറുവള്ളി | 117010106529 /03.01.2018 |
| 53 | 2016-17 | 2-6(3)-2 | 299 | സാദിക്ക് കുറ്റിപ്പുറവൻ | 117010106546 /04.01.2018 |
| 54 | 2016-17 | 2-6(3)-4 | 1269 | മുഹമ്മദ് മുസ്ലിയാര്ഡ കട്ടക്കാടൻ | 117010106558 /04.01.2018 |
| 55 | 2016-17 | 2-6(2)-3 | 70 | ഫൈസൽ ബാബു ചോലക്കൽ | 117010106661 /09.01.2018 |
| 56 | 2016-17 | 2-6(2)-5 | 66 | ജാഫർ പുഴുത്തുണ്ണി | 117010106664 /09.01.2018 |
| 57 | 2016-17 | 2-6(2)-1 | 69 | അലവി കുരിക്കൾ മാഞ്ചേരി | 117010106666 /09.01.2018 |
| 58 | 2016-17 | 2-9(2) | 668 | ഗിരീഷ് കുമാർ കാരാട്ടുതൊടിയിൽ | 117010103251 /27.09.2017 |
| 59 | 2016-17 | 3-16(5) | 2411 | നാരായണി.വി.പി.അസിസ്റ്റൻറ് എഞ്ചിനീയർ | 117010106999 /01.02.2018 |
| 60 | 2016-17 | 3-16(1) | 23756 | ജാഫർ.പി കൺവീനർ | 117010107011 /02.02.2018 |
| 61 | 2016-17 | 3-16(4) | 7420 | ഇട്ടേപ്പാടൻ ബഷീർ കൺവീനർ | 117010107012 /02.02.2018 |
| 62 | 2016-17 | 3-16(2) | 16119 | മുഹമ്മദ് അയ്യൂബ് കൺവീനർ | 117010107835 /21.02.2018 |
| 63 | 2016-17 | 3-16(3) | 16083 | ഹംസ കൺവീനർ | 117010107836 /21.02.2018 |
| 64 | 2015-16 | | 1427 | സിബി ചെറിയാൻ വയലിൽ ഹൗസ് | 117010106537 /03.01.218 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 12,13,14 | 2004-05 | 10.1.3.1 | റോഡ് പണികൾക്ക് അധിക ചെലവ് | നടപടി തുടരുന്നു |
| 2006-07 | 3(6) | 2009-10 | 2-8 | കെ എസ് ഇ ബി ഡെപ്പോസിറ്റ് | നടപടി തുടരുന്നു |
| 2011-12 2012-13 | 3(1) | 2014-15 | 4-1-5 | നിഷ്ക്രിയ ആസ്തി അവലോകനം | നടപടി തുടരുന്നു |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർ ചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പരും തിയതിയും | തുക | |
| 1 | 2008-09 | 2-2,2-4,2-6 | എൻ.വി.സലീം | LF8581/spl.cell/Sc/D1 /12/23.07.2014 | 44580 | 34670 രൂപ അടവാക്കി |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 76933795 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 78481348 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67836 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2244656 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-2 | | 67836 | ശ്രീ.അനോജ് കുമാർ, അസി.എഞ്ചിനീയർ |
| ആകെ | | 67836 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 75000 | ശ്രീമതി.മിനിജ.പി.തോമസ് അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 1460000 | ശ്രീ. ഷാജി.ടി.എച്ച്., സെക്രട്ടറി |
| 3-10 | 609492 | ഡോ. ജസീല വളപ്പിൽ, മെഡിക്കൽ ഓഫീസർ സി.എച്ച്.സി. |
| 3-10 | 100164 | ശ്രീ. ഷാജി.ടി.എച്ച്., സെക്രട്ടറി |
| ആകെ | 2244656 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അനോജ് കുമാർ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എൻജിനീയർ,കാളികാവ് ഗ്രാമപഞ്ചായത്ത്. | അനോജ് ഭവൻ,വെട്ടംപള്ളി,ഇരിഞ്ചയം പി.ഒ,നെടുമങ്ങാട്,തിരുവനന്തപുരം,695561 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1997-98 | എൽ.എഫ്.എം5/310/09 തീയ്യതി 11.2.11 | 14 | |
| 1998-99 (പ്ലാൻ) | എൽ.എഫ്.എം5/310/04 തീയ്യതി 11.2.11 | 5 | |
| 1998-99 | എൽ.എഫ്.എം5/1853/07 തീയ്യതി 11.2.11 | 4 | |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.എം5/1850/07 തീയ്യതി 11.2.11 | 10 | |
| 2000-01 | എൽ.എഫ്.എം5/1144/09 തീയ്യതി 11.2.11 | 9 | |
| 2001-02 | എൽ.എഫ്.എം5/479/07 തീയ്യതി 11.2.11 | 11 | |
| 2002-03 | എൽ.എഫ്.എം5/480/07 തീയ്യതി 11.2.11 | 8 | |
| 2003-04 | എൽ.എഫ്.എം5/48/08 തീയ്യതി 11.2.11 | 17 | |
| 2004-05 | എൽ.എഫ്.എം5/1155/07 തീയ്യതി 11.2.11 | 8 | |
| 2005-06 | എൽ.എഫ്.എം5/1156/07 തീയ്യതി 11.2.11 | 3 | |
| 2006-07 | എൽ.എഫ്.എം5/586/09 തീയ്യതി 25.4.11 | 19 | |
| 2007-08 | എൽ.എഫ്.എം6/1439/11 തീയ്യതി 23.8.11 | 14 | |
| 2008-09 | എൽ.എഫ്.എം6/1440/11തീയ്യതി 14.2.11 | 26 | |
| 2009-10,10-11 | എൽ.എഫ്.എം6/1518/2013 തീയ്യതി 06.12.13 | 21 | |
| 2011-12<br>2012-13 | എൽ.എഫ്.എം6/498/15 തീയ്യതി 7.4.15 | 29 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.6/1401/16 തീയതി 30-06-2016 | 21 | |
| 2015-16 | കെ.എസ്.എ.എം.പി.എം.6/3262/17 തീയതി 21-03-2018 | 9 | |
| 2016-17 | കെ.എസ്.എ.എം.പി.എം.6/1998/17 തീയതി 09-07-2018 | 23 | |

ഡെപ്യൂട്ടി ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# ANNEXURE - 1

# AUDIT CERTIFICATE.

KSA-MPM6 /1429/2018

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated: 04-07-2018

CERTIFICATE

Certified that I have examined the Annual Financial Statement of Kalikavu Grama Panchayat in Malappuram District for the year 2017-18 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Kalikavu Grama Panchayat for the year 2017-18 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്.

സാക്ഷ്യപത്രം

കെ.എസ്.എ-എം.പി.എം.6/1429/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി: 04-07-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിൻെറ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാളികാവ് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,മലപ്പുറം.